പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 1377

31/10/2019-ൽ

മറുപടിയ്ക്ക്

## സ്കൂളുകൾക്കുള്ള കിഫ്ബി ധനസഹായം

ചോദ്യം

ശ്രീ.ഒ. ആർ. കേളു

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) കിഫ്ബി സഹായത്തോടെ 3 കോടി രൂപ ഉപയോഗിച്ച് ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്ന കാട്ടിക്കുളം ജി.എച്ച്.എസ്.എസ്, വെള്ളമുണ്ട ജി.എച്ച്.എസ്.എസ്, പനമരം ജി.എച്ച്.എസ്.എസ് എന്നിവയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടത്തിയിട്ടുള്ള ഇടപെടലുകളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ), (ബി) & (സി) ഉണ്ട്. കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുത്തിരുന്ന വയനാട് ജില്ലയിലെ കാട്ടിക്കുളം ജി.എച്ച്.എസ്.എസ്, വെള്ളമുണ്ട ജി.എച്ച്.എസ്.എസ്, പനമരം ജി.എച്ച്.എസ്.എസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി SPV ആയ 'കൈറ്റ്' ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിച്ചിരുന്നില്ല. ആയതിനെ തുടർന്ന് 'കൈറ്റി'ന്റെ നിർദ്ദേശ പ്രകാരം ഇത്തരത്തിലുള്ള 67 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിന് Special Purpose Vehicle ആയി കൈറ്റിനെ മാറ്റി ഇൻകെലിനെ (INKEL) ചുമതലപ്പെടുത്തി 2019 ആഗസ്റ്റിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് അതിന്റെ അടിസ്ഥാനത്തിൽ 'ഇൻകൽ' ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി 'ഇൻകലി'ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

Namitha.P

**സെക്ഷൻ ഓഫീസർ**